**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പരിപാലനത്തിലടക്കം നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും സ്ഥായിയായ വ്യവസ്ഥാക്രമീകരണം എർപ്പെടുത്തുമോ; വിശദമാക്കാമോ; | (എ) | ജില്ലാകളക്ടർക്കു വേണ്ടി എസ്റ്റേറ്റ് മാനേജർ എന്ന നിലയിൽ കാർത്തികപ്പള്ളി തഹസിൽദാർ ഹരിപ്പാട് റവന്യൂ ടവറിന്റെ പരിപാലന ചുമതല നിർവ്വഹിച്ചുവരുന്നുണ്ട്. 7 നിലകളുള്ള റവന്യൂ ടവറിൽ ആകെ 19 ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെ ജീവനക്കാർ സംഘടന രൂപീകരിച്ച് റവന്യൂ ടവർ മെയിന്റനൻസിന് പണം കണ്ടെത്തി വരുന്നു. എന്നാൽ പ്രസ്തുത തുക അപര്യാപ്തമായതിനാൽ പൂർണ്ണമായും മെയിന്റനൻസ് പ്രവർത്തികൾ നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് വരികയാണ്. |
| (ബി) | ഹരിപ്പാട് റവന്യൂ ടവറിന്റെ നടത്തിപ്പ് ചുമതല ജില്ലാ കളക്ടർക്ക്/റവന്യൂ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ/ഹൗസിംഗ് വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിന്മേലുള്ള തീരുമാനം വൈകുന്നതിന്റെ കാരണം അറിയിക്കാമോ; ഇക്കാര്യത്തിൽ എന്ത് അടിയന്തര നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്തത് നിർമ്മാണം പൂർത്തിയാക്കിയ പദ്ധതിയാണ് ഹരിപ്പാട് റവന്യൂ ടവർ പദ്ധതി. NABARD-ന്റെ RIDF Scheme-ൽ ഉൾപ്പെടുത്തി 17.9716 കോടി രൂപക്ക് ഭരണാനുമതി നൽകിയ പദ്ധതിക്ക് സെന്റേജ് ചാർജ്ജ് ഉൾപ്പെടെ 17.17 കോടി രൂപ ചെലവായെന്നും സർക്കാർ അനുവദിച്ചിട്ടുള്ളത് 14.56 കോടി രൂപയാണെന്നും ഹരിപ്പാട് റവന്യൂ ടവർ ഉൾപ്പെടെ ഭൂമി റവന്യൂ വകുപ്പിനു കൈമാറുന്നതിനായി ബാക്കി 2.6063 കോടി രൂപ കൂടി അനുവദിക്കണമെന്നും ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ